**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3563** — **08-10-2025 - ൽ മറുപടിയ്ക്ക്**

**പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ചങ്ങനാശ്ശേരി താലൂക്കിലെ 94 കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. പട്ടയം അനുവദിച്ച കുടുംബങ്ങളുടെ വിവരം പഞ്ചായത്ത്/മുൻസിപ്പാലിറ്റി അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. |
| (ബി) | നിലവിൽ എത്ര പട്ടയ അപേക്ഷകൾ തീർപ്പ് കൽപ്പിക്കാനുണ്ടെന്നും കാലതാമസം നേരിടുന്നതിനുള്ള കാരണവും വ്യക്തമാക്കാമോ? | (ബി) | ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന അഞ്ച് പഞ്ചായത്തുകളിലും ഒരു മുൻസിപ്പാലിറ്റിയിലുമായി 330 പട്ടയ അപേക്ഷകൾ നിലവിൽ തീർപ്പ് കല്പ്പിക്കാനുള്ളതാണ്. വിവിധ വകുപ്പുകളിൽ (PWD റോഡ്സ്, നാഷണൽ ഹൈവേ അതോറിറ്റി, ജിയോളജി വകുപ്പ്, പഞ്ചായത്ത്)നിന്നും NOC ലഭിക്കുന്നതിൽ ഉണ്ടായ കാലതാമസം മൂലം പട്ടയം വിതരണം ചെയ്യാനായിട്ടില്ല. ഏകദേശം 150 അപേക്ഷകൾ PWD റോഡ് പുറമ്പോക്ക് ആയതിനാൽ അവയ്ക്ക് NOC ലഭിയ്ക്കില്ല എന്ന കാരണത്താലും പട്ടയം നൽകുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളതാണ്. NOC ലഭിച്ച കുറിച്ചി വില്ലേജ് എണ്ണയ്ക്കാച്ചിറ കുളം പുറമ്പോക്ക്, പുലികുഴികുളം പുറമ്പോക്ക് കുളം/തോട് പുറമ്പോക്കുകളിൽ ഉൾപ്പെടുന്നവയുടെ ഇനം സർക്കാർ |

| **പഞ്ചായത്ത്/ മുൻസിപ്പാലിറ്റി** | **അനുവദിച്ച പട്ടയങ്ങളുടെ എണ്ണം** |
|---|---|
| ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റി | 34 |
| വാഴപ്പള്ളി പഞ്ചായത്ത് | 8 |
| കുറിച്ചി | 10 |
| മാടപ്പള്ളി | 7 |
| പായിപ്പാട് | 5 |
| തൃക്കൊടിത്താനം | 30 |

| | | | |
|---|---|---|---|
| | | | പുറമ്പോക്കിലേക്ക് മാറ്റുന്ന നടപടികൾ സ്വീകരിച്ചു വരുന്നതാണ്. കുറിച്ചി വില്ലേജ് എണ്ണയ്ക്കാച്ചിറ കുളം പുറമ്പോക്ക്, പുലികുഴികുളം പുറമ്പോക്ക് എന്നിവിടങ്ങളിലെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള അനുമതിക്കായി ലാന്റ് റവന്യൂ കമ്മീഷണർക്ക് 19/08/2025 തീയതിയിൽ ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നെങ്കിലും റിപ്പോർട്ടിൽ ചില വിഷയങ്ങളിൽ ജില്ലാ കളക്ടറോട് വീണ്ടും ലാന്റ് റവന്യൂ കമ്മീഷണർ സ്പഷ്ടീകരണം തേടിയിരിക്കുകയാണ്. സ്പഷ്ടീകരണം ലഭ്യമാക്കി റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ NOC ലഭിച്ച കൈവശങ്ങളുടെ സർവ്വേ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ